# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3460 — 19/10/2016 -ൽ മറുപടിക്ക്

# രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. കെ.സുരേഷ് കുറുപ്പ്<br>ശ്രീ. പി.ടി.എ.റഹീം<br>ശ്രീ. എം.രാജഗോപാലൻ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്;<br>ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ള മെത്തിക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശ പ്രകാരം 67% കവറേജിനും (കുടിവെള്ളം എത്തി ചേർന്നിട്ടില്ലാത്ത പ്രദേശങ്ങളിലും ഗുണനിലവാര ബാധിത പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ) 15% ഓപ്പറേഷൻ & മെയിൻറനൻസിനും (പദ്ധതികളുടെ നടത്തിപ്പിനും അറ്റകുറ്റപ്പണികൾക്കും), 10% സസ്റ്റൈനബിലിറ്റിക്കും (കുടിവെള്ള സ്രോതസ്സുകളുടെ പുനഃരുദ്ധാരണത്തിനും ചെക്ക് ഡാമുകളും മറ്റും നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതിനും), 5% സപ്പോർട്ട് ആക്ടിവിറ്റീസിനും (ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി സംബന്ധിച്ച് ഗ്രാമീണ ജനതയ്ക്ക് അവബോധം വളർത്തലും പരിശീലനം നല്കലും ഗ്രാമീണ ജലവിതരണത്തിന് വിവരസാങ്കേതികത ഉപയോഗപ്പെടുത്തുന്നതിനുള്ള സൗകര്യം ഒരുക്കലും), 3% വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് ആൻറ് സർവീലിയൻസിനും (ജലഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും ഇതിനാവശ്യമായ ലാബുകൾ സ്ഥാപിക്കുന്നതിനും) ആയിട്ടാണ് തുക അനുവദിക്കുന്നത്. |

ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നല്കാറുണ്ട്. സസ്റ്റൈനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം, ഇൻടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീചാർജ്ജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽ നിന്നും എസ്.സി/ എസ്.ടി കോളനികളിലേക്ക് ജില്ലാ കളക്ടർ വഴി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിയ്ക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്.

2009 മുതൽ ഈ പദ്ധതി "നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം' എന്ന പേരിലാണറിയപ്പെടുന്നത്.

(ബി) രൂക്ഷമായ വരൾച്ച ബാധിക്കുന്ന കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ വ്യാപിപ്പിയ്ക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(ബി) പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ച് ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് ഗുണ നിലവാര ബാധിത (ഫ്ളൂറൈഡ്, ആർസനിക് ബാധിത) പ്രദേശങ്ങളിലേക്കും, സൻസദ് ആദർശ് ഗ്രാമയോജന (SAGY) പഞ്ചായത്തുകളിലേക്കുമുള്ള പുതിയ പദ്ധതികൾ മാത്രമേ നടപ്പിലാക്കാനാവു. ഇതിനു തന്നെ 50% തുക സംസ്ഥാന വിഹിതമായി നൽകേണ്ടതുണ്ട്. മാത്രമല്ല 2016-17 സമ്പത്തിക വർഷത്തിൽ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്ക് കേന്ദ്ര സർക്കാർ വിഹിതം 49.77 കോടി രൂപ മാത്രമാണ്.

സെക്ഷൻ ഓഫീസർ

JSK/